**മേലെഴുത്ത് നമ്പർ: DTETVM/5671/2024-EA2 (EA)**
**തീയതി: 03-03-2025**

---

മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ **21-12-2024**-ന് നടന്ന ഓൺലൈൻയോഗത്തിന്റെ നടപടി ക്കുറിപ്പ് തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു. പ്രസ്തുത നടപടിക്കുറിപ്പിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ **05.03.2025** തീയതിക്ക് മുൻപ് **eadtekerala@gmail** എന്ന മെയിൽ ഐഡി യിൽ ലഭ്യമാക്കേണ്ടതാണ് (ഹാർഡ് കോപ്പി അയക്കേണ്ടതില്ല).

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്,

വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനമേധാവികൾക്കും **DTE**-യിലെ എല്ലാ ബന്ധപ്പെട്ട സെക്ഷനുകൾക്കും

Signed by
Shalij P R
Date: 03-03-2025 12:13:54

**<u>മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21/12/2024, 4.30 ന് ചേർന്ന ഓൺലൈൻ യോഗത്തിന്റെ നടപടി കുറിപ്പ്</u>**

2025 മാർച്ച് 30-നുള്ളിൽ കേരളത്തെ മാലിന്യ മുക്തമാക്കുന്നതിനുള്ള ജനകീയ ക്യാമ്പയിൻ നടന്നു വരികയാണെന്നും ടി ക്യാമ്പയിന്റെ അവസാന ഘട്ടത്തിൽ എത്തുമ്പോൾ നമ്മുടെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും മുന്നോട്ട് കൊണ്ടു പോകുന്നതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണെന്ന് ആമുഖമായി പറഞ്ഞു കൊണ്ട് ചീഫ് സെക്രട്ടറി യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു.

നമ്മുടെ നാടിനെ സമ്പൂർണ മാലിന്യ മുക്തമാക്കുന്നതിനും ടി വിഷയം ഫലപ്രദമായി പരിഹരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുമായി മാലിന്യ മുക്തം നവകേരളം എന്ന ജനകീയ ക്യാമ്പയിൻ നടന്നു വരികയാണ് എന്നും ഇതിന് എല്ലാ വിഭാഗം ജനങ്ങളുടെയും പൂർണ്ണമായ സഹകരണം ഉണ്ടാകണം എന്നും ബഹു.മുഖമന്ത്രി അറിയിച്ചു. റസിഡൻസ് അസോസിയേഷനുകൾ തൊഴിലാളി സംഘടനകൾ, ജീവനക്കാരുടെ സംഘടനകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംഘടനകൾ, NSS, NCC, Scouts & Guides, SPC തുടങ്ങിയ എല്ലാവരുടെയും കൂട്ടായ സഹകരണത്തോടെ മാത്രമേ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയുകയുള്ളൂ എന്നും നമ്മുടെ നാടിന്റെയും ഭാവി തലമുറയുടെയും നിലനിൽപിനും പൊതു ശുചിത്വം അത്യാവശ്യമാണെന്നും വ്യക്തമാക്കി. മാലിന്യ മുക്തം നവകേരളം എന്ന ജനകീയ ക്യാമ്പയിനെ ഏറ്റെടുത്തു പൂർണ്ണമാക്കേണ്ടതുണ്ട്. 2024 ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനം മുതൽ 2025 മാർച്ച് 30, അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം വരെയുള്ള കാലയളവിൽ മാലിന്യ മുക്ത നവകേരളത്തിനായി ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതായും ഒക്ടോബർ 2-ന് സംസ്ഥാന ജില്ലാ പ്രാദേശിക തലങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച മാതൃകകൾ ഉദ്ഘാടനം ചെയ്തു കൊണ്ട് ക്യാമ്പയിന് തുടക്കമിടാൻ തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി 1313 ഉദ്ഘാടന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ലഭ്യമായ കണക്ക് പ്രകാരം 239864 പേർ സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. 2025 മാർച്ച് 30-ന് സമ്പൂർണ ശുചിത്വ കേരളം പ്രഖ്യാപനം നടത്തുന്നതിന് റസിഡൻസ് അസോസിയേഷനുകളുടെയും തൊഴിലാളി സംഘടനകളുടെയും, ജീവനക്കാരുടെയും സംഘടനകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും , NSS, NCC, Scouts & Guides, SPC തുടങ്ങിയ എല്ലാവരുടെയും പങ്കാളിത്തം ഏറെ അനിവാര്യമാണെന്നും ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. തുടർന്ന് ചുവടെ പറയുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹകരണം, പങ്കാളിത്തം ആവശ്യമാണ് എന്നറിയിച്ചു.

1.റസിഡൻസ് അസോസിയേഷനുകൾക്ക് തങ്ങളുടെ പരിധിയിൽ വരുന്ന പൊതു ഇടങ്ങൾ അസോസിയേഷൻ അംഗങ്ങളുടെ പങ്കാളിത്തത്തോടെ ശുചീകരിക്കാൻ കഴിയും. എല്ലാ വീടുകളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രോത്സാഹനം നല്കാൻ കഴിയും.

2. തൊഴിലാളി സംഘടനകൾക്കും, ജീവനക്കാരുടെ സംഘടനകൾക്കും അവരവരുടെ തൊഴിലിടങ്ങൾ മാലിന്യ മുക്തമാക്കുന്നതിന് കൂട്ടായ പ്രവർത്തനം നടത്താൻ കഴിയും. ഇതിന് യുവജനങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും സഹകരണം ഉറപ്പുവരുത്തുന്നത് ഏറെ പ്രയോജനപ്രദമാണ്.

3. സ്കൂളുകളിലും കലാലയങ്ങളിലും അധ്യാപക രക്ഷാകർത്തൃ സംഘടനകളുടെ മേൽനോട്ടത്തിലും NSS, NCC, Scouts & Guides, SPC എന്നിവരുടെ സഹകരണത്തോടെയും ശുചീകരണ പ്രവർത്തനം നടത്താൻ കഴിയും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശുചികരണ പ്രവർത്തനങ്ങൾക്ക് പ്രധാന അധ്യാപകരും പ്രിൻസിപ്പാൾമാരും നേതൃത്വം നല്കണം.

4. ഹരിത അയൽക്കൂട്ടങ്ങൾ, ഓഫീസുകൾ, ടൂറിസം കേന്ദ്രങ്ങൾ, ടൗണുകൾ മാർക്കറ്റുകൾ പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, കലാലയങ്ങൾ എല്ലാം ഹരിതമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ചു പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയി പൂർത്തീകരിക്കണം.

5. ഹരിത അയൽക്കൂട്ടങ്ങൾ, ടൂറിസം (ഗ്രാമം/ നഗരം), ഹരിത ഓഫീസ്, ഹരിത വിദ്യാലയം, ഹരിത കലാലയം, ഹരിത സ്ഥാപനങ്ങൾ എന്നീ ലക്ഷ്യങ്ങൾ ചുവടെ പറയും പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണ് .

- ഹരിതടൂറിസം പ്രഖ്യാപനം :
  - 2024 ഡിസംബർ 31 : 25%
  - 2025 ജനുവരി 26 : 50%
  - 2025 മാർച്ച് 30 : 100%
- ഹരിത അയൽക്കൂട്ട പ്രഖ്യാപനം :
  - 2024 ഡിസംബർ 25 : 25%
  - 2025 ജനുവരി 26 : 50%
  - 2025 മാർച്ച് 8 : 100%
- ഹരിത ടൗണുകൾ പ്രഖ്യാപനം :
  - 2024 ഡിസംബർ 31 : 50%
  - 2025 ജനുവരി 26 : 100%
- ഹരിത ഓഫീസ് പ്രഖ്യാപനം :
  - 2025 ജനുവരി 26 : 100%
- പൊതുസ്ഥലങ്ങൾ, മാർക്കറ്റ് :
  - 2024 ഡിസംബർ 31 : 100 %
- ഹരിത വിദ്യാലയങ്ങൾ :
  - 2024 ഡിസംബർ 31 : 100 %

6. ഹോസ്റ്റലുകൾ, ടൂറിസം കേന്ദ്രങ്ങൾ, ഫ്ലാറ്റുകൾ, പാർപ്പിട സമുച്ചയങ്ങൾ, റെസിഡന്റ്സ് അസ്സോസിയേഷനുകൾ, പൊതുസ്ഥലങ്ങൾ, ഹാളുകൾ എന്നിവിടങ്ങളിലെല്ലാം കമ്യൂണിറ്റി തല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കണം .

7. ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

8. 2024 ഡിസംബർ - 2025 ജനുവരി ഈ രണ്ട് മാസങ്ങളിൽ നാടിന്റെ മുക്കും മൂലയും ശുചിയാക്കുന്ന വിപുലമായ ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കണം. എല്ലാ വിഭാഗം ജനങ്ങളും ക്യാമ്പയിനിൽ പങ്കാളികൾ ആകണം. ഇതിനു വേണ്ടി ഓരോ പ്രദേശത്തും ഭവന സന്ദർശനം നടത്തി മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തണം. ഇക്കാര്യത്തിൽ എല്ലാ റസിഡൻസ് അസോസിയേഷൻ ഭാരവാഹികളുടെയും പിന്തുണ ഉണ്ടാകണമെന്നും ബഹു.മുഖ്യമന്ത്രി അഭ്യർത്ഥിച്ചു

പൊതു സ്ഥലങ്ങൾ വൃത്തിയും വെടിപ്പും ഉള്ളതാകണം. നമ്മുടെ നാടിനെ വൃത്തിയുള്ളതായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം നമുക്ക് ഓരോരുത്തർക്കുമുണ്ട്. പൊതു സ്ഥലങ്ങൾ സമ്പൂർണ്ണ ശുചിത്വവും ഭംഗിയുള്ളതുമാക്കി പ്രഖ്യാപനം നടത്താൻ കഴിയേണ്ടതായുണ്ടെന്നും ടി സ്ഥലങ്ങൾ ഭംഗിയുള്ളതായി തുടരുമെന്ന് ഉറപ്പാക്കാൻ കൃത്യമായ പരിപാലനം ആവശ്യമാണെന്നും അതിന് പ്രാദേശിക കൂട്ടായ്മകൾ രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമെന്നും മാലിന്യ മുക്ത നവകേരളം എന്ന ക്യാമ്പയിൻ പൂർണ്ണ തോതിൽ നടപ്പാക്കിയാൽ മാത്രമേ സുസ്ഥിരമായ നവകേരളം എന്ന ആത്യന്തിക ലക്ഷ്യം കൈവരിക്കാനാകുവെന്നും നഗരവത്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന കേരളത്തിന്റെ മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യപ്പെടേണ്ടത് കേരളിയരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും, വിനോദ സഞ്ചാരത്തെ വലിയ തോതിൽ ആശ്രയിക്കുന്ന കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ വളർത്തുന്നതിനും ഉപകരിക്കുമെന്നാണ് വസ്തുത എന്നതിനാൽ ഇക്കാര്യത്തിൽ എല്ലാവരുടെയും പൂർണ്ണ സഹകരണം ഉണ്ടാകണമെന്നും ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

തുടർന്ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി യോഗത്തിൽ സംസാരിച്ചു. മാലിന്യ മുക്തം നവകേരളം എന്ന ആശയം സാക്ഷാത്കരിക്കുന്നതിന് വേണ്ടി നാനാമുഖമായ പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുകയാണ് എന്നും ആയതിന് ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നല്ലനിലയിൽ പ്രവർത്തനം നടത്തുവാൻ തയ്യാറാണ് എന്നും ശാസ്ത്രീയ രീതിയിലുള്ള് മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാകാൻ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനമേധാവികളുടെയും ക്യാമ്പസ് സമൂഹത്തിന്റെയും initiative ഉണ്ടാകണം എന്നും ബഹു.മന്ത്രി അഭ്യർത്ഥിച്ചു. കേരളത്തിലെ മുഴുവൻ കോളേജുകളിലെയും ക്യാമ്പസുകൾ ഹരിത ക്യാമ്പസുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ സാധിക്കണമെന്നും ഈ വിഷയത്തിന്റെ brand ambassador ആയി മാറാൻ കോളേജ് വിദ്യാർത്ഥികൾക്ക് കഴിയണമെന്നും ആശയങ്ങൾ ബഹുജനസമക്ഷം അവതിരിപ്പിക്കാനും പ്രചരിപ്പിക്കാനും കഴിയണമെന്നും അഭിപ്രായപ്പെട്ടു. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി 3000 സ്നേഹാരാമങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞു എന്നും മാലിന്യകൂമ്പാരങ്ങളായി കിടന്ന പല സ്ഥലങ്ങളും ഉദ്യാനങ്ങളാക്കി മാറ്റാനും മനോഹരമായ ശില്പങ്ങൾ വച്ചും സുന്ദരമായ സ്ഥലങ്ങളായി മാറ്റാൻ ഉദ്യാനമായി സാധിച്ചുവെന്നും അറിയിച്ചു. എൻ.എസ്.എസ്., എൻ.സി.സി., ഭൂമിത്ര സേന ക്ലബ്ബുകൾ എന്നിവയുടെ ഭാഗമായി നിരവധി സവിശേഷമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാളുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. പ്ലാസ്റ്റിക്ക് വിരുദ്ധ ക്യാമ്പസുകളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ക്യാമസിനുള്ളിൽ തന്നെ മാലിന്യം dispose ചെയ്യുന്നതിനുളള സംവിധാനം ഉറപ്പ് വരുത്തണമെന്നും അഭിപ്രായപ്പെട്ടു.

വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് facility assessment പദ്ധതി നടപ്പാക്കുന്നുണ്ട് എന്നും ഒരോ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും മാലിന്യ സംസ്കരണം എന്ന വിഷയം കൈകാര്യം ചെയ്യുന്നതിന് ഒരു

അധ്യാപകനെ നിയോഗിക്കുകയും 5 മുതൽ 10 വരെയുള്ള വിദ്യാർത്ഥികളുടെ ഒരു ടീം ഈ പ്രവർത്തനത്തിൽ സജീവമായി നിൽക്കുകയും വേണം. Ga p Assessment നടത്തി വേണ്ട സംവിധാനങ്ങൾ ക്യാമ്പസുകളിൽ ഏർപ്പെടുത്തുന്നതിനുനടപടി സ്വീകരിക്കണമെന്നും ജില്ലാ ശുചിത്വ മിഷൻ എല്ലാ പിന്തുണയും നല്കുന്നതാണെന്നും അറിയിച്ചു. എല്ലാ സർവകലാശാലകളിലും വിദ്യാർത്ഥികൾക്ക് മാലിന്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രൊജെക്ടുകളും ഗവേഷണങ്ങളും, പുതിയ പാഠ്യപദ്ധതി അനുശാസിക്കുന്ന തരത്തിൽ വിവിധ അക്കാദമിക് പശ്ചാത്തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾ ക്കും തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ മാലിന്യ സംസ്കരണ പ്രൊജെക്ടുകളിലും മിഷനുകളിലും ഇന്റേൺഷിപ്പും പ്രോത്സാഹിപ്പിക്കണം. എല്ലാ ക്യാമ്പസുകളും ഗ്രീൻ ക്യാമ്പസുകളാക്കി പ്ലാസ്റ്റിക്ക് വിരുദ്ധ ക്യാമ്പസുകളാക്കി മാറ്റാൻ സജീവമായി പ്രവർത്തിക്കണമെന്നും ബഹു.ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു .

തുടർന്ന് ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സംസാരിച്ചു. ഉന്നത വിദ്യാഭ്യാസവകുപ്പിൽ നിന്നും മികച്ച പിന്തുണയാണ് ലഭിച്ചത് എന്നും ടി വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതായും അറിയിച്ചു. തുടർന്ന് ,ബഹു. മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ യോഗത്തിൽ പങ്കെടുക്കുന്നവരുടെ അഭിപ്രായം അറിയിക്കുവാൻ ബഹു.മന്ത്രി അഭ്യർത്ഥിച്ചു. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും സഹകരണവും എല്ലാ സംഘടനാ പ്രതിനിധികളും റസിഡൻസ് അസോസിയേഷൻ വാഗ്ദാനം ചെയ്തു. തുടർന്ന് ചർച്ചയിൽ ഉയർന്നു വന്ന അഭിപ്രായങ്ങളിൽ ബഹു മന്ത്രി ചുവടെ ചേർക്കുംപ്രകാരം മറുപടി നല്കി.

- ചില ജില്ലകളിലെ നിർവഹണ സമിതികളിൽ റെസിഡൻസ് അസോസിയേഷൻ ഭാരവാഹികളെ ഉൾപ്പെടുത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ഗവൺമെന്റ് നടപടി സ്വീകരിച്ചു എന്നും ആയത് സംബന്ധിച്ച് എല്ലാവർക്കും നിർദ്ദേശം നല്കിയിട്ടുണ്ട് എന്നും അറിയിച്ചു. കൂടാതെ മാലിന്യ നിർമ്മാർജ്ജന രംഗത്ത് അവാർഡ് ഏർപ്പെടുത്തുന്നത് , റേറ്റിംഗ് നടപ്പിലാക്കുന്നത്, ഇൻസെന്റീവ് സംവിധാനം എന്നിവ പരിഗണിക്കുന്നതാണ് എന്നും അറിയിച്ചു.

- കൊച്ചിയിലെ S T P യിലെ പ്രശ്നത്തിന് പരിഹാരമായി ബ്രഹ്മപുരത്ത് F S T P യുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൊച്ചിയിലെ മുഴുവൻ ശുചിമുറി സംസ്കരണ ആവശ്യങ്ങളും നിറവേറ്റാൻ ആ പ്ലാന്റിന് കഴിയും എന്നറിയിച്ചു. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സ്ഥലം കണ്ടെത്തുന്നതിൽ പ്രാദേശിക എതിർപ്പുകളാണ് ബുദ്ധിമുട്ടുണ്ടാക്കുന്നത്. അതിന് ജനങ്ങളെ ബോധവത്കരിക്കുന്നതിന് സംഘടനകളും രാഷ്ട്രീയപാർട്ടികളും സഹകരിക്കുകയും നടപടി സ്വീകരിക്കുകയും വേണം

- അപകടം സംഭവിച്ച ശുചീകരണ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നു നഷ്ടപരിഹാരം നല്കിയിട്ടുണ്ട് എന്നറിയിച്ചു.

- മാലിന്യം കടലിൽ തള്ളുന്ന വിഷയം ഗൗരവമായി കാണുന്നു. കണ്ടിജന്റ് തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

- വ്യവസായ സ്ഥാപനങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ നിർദ്ദേശം ലഭിച്ചിട്ടില്ല എന്ന

അഭിപ്രായം സംബന്ധിച്ച്  വ്യവസായ വകുപ്പുമായി ചർച്ച് ചെയ്ത് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.

തുടർന്ന് ക്യാമ്പയിന്റെ പ്രധാന നേട്ടങ്ങൾ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി വ്യക്തമാക്കി.

- മാലിന്യത്തിന്റെ പ്രതിമാസ വാതിൽപ്പടിശേഖരണം - 88%ത്തിലേക്ക് ഉയർന്നു
- 19447 മിനി MCFകൾ, 1323 MCFകൾ, 190 RRF കൾ പ്രവർത്തിക്കുന്നുണ്ട്.
- വാതിൽപ്പടി ശേഖരണത്തിനായി 37363 ഹരിതകർമ്മ സേന അംഗങ്ങൾ നിലവിലുണ്ട്.
- മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് വേണ്ടി ഹരിതമിത്രം സമാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ launch ചെയ്തിരുന്നു. ഇന്ന് 85.66 ലക്ഷം പേർ സേവനം ഉപയോഗിക്കുന്നു.
- മാലിന്യസംസ്കരണ മേഖലയിൽ സ്വകാര്യ ഏജൻസികളെ പ്രോത്സാഹിപ്പിക്കുന്നതിനായി 258 സ്വകാര്യ ഏജൻസികളെ എംപാനൽ ചെയ്തു.
- മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി 3557 ക്യാമറകൾ സ്ഥാപിച്ചു.
- മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും ശിക്ഷിക്കുന്നതിനുമായി ജില്ലാതലത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. ഇവരുടെ നേതൃത്വത്തിൽ ആകെ 49,108 പരിശോധനകൾ  നടത്തി. ആകെ 5.15 കോടി രൂപ പിഴ ചുമത്തി.
- നിലവിൽ അടിസ്ഥാനസൗകര്യ വികസനത്തിൽ കണ്ടെത്തിയ വിടവുകൾ നികത്തുന്നതിന് വേണ്ടി മാലിന്യ സംസ്കരണ മേഖലയിൽ മാത്രം 5023 പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നുണ്ട്.

വെല്ലുവിളികൾ

- മാലിന്യ സംസ്കരണത്തിനായുള്ള നൂതന സാങ്കേതിക വിദ്യയും അടിസ്ഥാന സൗകര്യങ്ങൾകൊണ്ടും മാത്രം മാലിന്യ സംസ്കരണം എന്ന സങ്കീർണ്ണ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയില്ല. ജനങ്ങളുടെ മാലിന്യ സംസ്കരണത്തോടുള്ള സമീപനത്തിൽ മാറ്റം വരണം, ഇത് ഇനിയും സാധ്യമായിട്ടില്ല.
- സംവിധാനങ്ങൾ ഒരുക്കിയെങ്കിലും ഈ സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
- മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർമ്മിക്കുന്നതിനോടുള്ള പൊതു ജനങ്ങളുടെ എതിർപ്പ് MCFകൾ, RDF പ്ലാൻറുകൾ, സാനിട്ടറി മാലിന്യ സംസ്കരണ പ്ലാന്റ് പോലുള്ള സ്പെഷ്യൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. അനധികൃത ഏജൻസികൾക്ക് മാലിന്യം കൈമാറുന്ന പ്രവണത, ശേഖരിച്ച മാലിന്യത്തിന്റെ അശാസ്ത്രീയമായ നിർമാർജ്ജനത്തിനും ഇതുവഴിയുള്ള പരിസ്ഥിതി പ്രശ്നങ്ങൾക്കും  കാരണമാകുന്നു. **കഴിഞ്ഞ ദിവസം തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ കേരളത്തിലെ മാലിന്യം കൊണ്ട് തള്ളിയത് പോലുള്ള സംഭവങ്ങൾ ഇതിന് ഉദാഹരണം ആണ്.**

ഈ വെല്ലുവിളികൾ മറികടക്കുന്നതിന് സർക്കാരിന്റെയും പൊതുജനങ്ങളുടെയും ഒരുമിച്ചുള്ള പ്രവർത്തനം കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. ആയതിനു ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ  മുന്നോട്ടുവച്ചു

- ഈ മനോഭാവമാറ്റത്തിന് ഏറ്റവും കൂടുതൽ സാധ്യത കുട്ടികൾ, വിദ്യാർഥികൾ, യുവജനങ്ങൾ എന്നിവരിലാണ്. ഇതിൽ പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ മാതൃകാപരമായ നിരവധി

ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഈ ഇടപെടലുകൾ വിദ്യാലയങ്ങളിൽ നിന്നും വീട്ടുകളിലേക്ക് എത്തിക്കാൻ സാധിക്കണം.

- മാലിന്യം അമിതമായി ഉത്പാദിപ്പിക്കുന്നതിന്റെ അളവ് കുറയ്ക്കുക. നിരോധിത പ്ലാസ്റ്റിക്ക് ഉപയോഗിക്കാതിരിക്കുക.
- പൊതു ചടങ്ങുകളിൽ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ ബൊക്കെകൾ ഉപയോഗിക്കാതിരിക്കുക.
- ഒരിക്കൽ വൃത്തിയാക്കിയ സ്ഥലം തുടർന്നും വൃത്തിയായി സൂക്ഷിക്കണം. അതിന് ഒരു ശുചിത്വ സമിതി രൂപീകരിച്ച് പരിപാലിക്കണം.
- മാലിന്യ മുക്ത നവകേരളത്തിന്റെ ഭാഗമായി ജനുവരി 1 മുതൽ 7 വരെ വരെ ഭവന സന്ദർശനം നടത്തണം

ജനുവരി 1 മുതൽ 7 വരെ എല്ലാ സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ച് കൊണ്ട് നടത്താൻ പോകുന്ന litter free ക്യാമ്പയിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണ് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽസെക്രട്ടറി അറിയിച്ചു.

തുടർന്ന് മാലിന്യവുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു single watsapp numberപ്രഖ്യാപിചിട്ടുണ്ട് എന്നും 9446700800 എന്ന പ്രസ്തുത watsapp number ലേക്ക് പരാതികൾ അറിയിക്കാവുന്നതാണ് എന്നും ചിത്രം സഹിതം ഈ നമ്പറിൽ വിവരം അറിയിക്കുന്നവർക്ക് ആയത് പരിശോധിച്ച് പാരിതോഷികം നൽകുന്നതാണ് എന്നും ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചു.

യോഗം. 5.45.-ന് അവസാനിച്ചു.